മധുരമായകുട്ടികളേ- നിങ്ങള്സത്യംസത്യമായഈയാമ്പാറ്റകളാണ്.
നിങ്ങള്ഇപ്പോള്അണയാത്തദീപമായബാബയില്സമര്പ്പണമായിരിക്കുകയാണ്ഈസമര്പ്പണഭാവത്തിന്റെഓ ര്മ്മചിഹ്നമായാണ്ദീപാവലിആഘോഷിക്കുന്നത്.

ചോദ്യം :- ബാബ തന്റെ കുട്ടികള്ക്ക് ഏതൊരു വാര്ത്തയാണ് കേള്പ്പിക്കുന്നത്?

ഉത്തരം :- ബാബ കേള്പ്പിക്കുകയാണ് - നിങ്ങള് ആത്മാക്കള് നിര്വ്വാണധാമത്തില് നിന്നും എങ്ങിനെയാണ് വരുന്നത്, ഞാന് എങ്ങിനെയാണ് വരുന്നത്, ഞാന് ആരാണ്, എന്താണ് ചെയ്യുന്നത്, എങ്ങിനെ രാമരാജ്യം സ്ഥാപിക്കുന്നു, എങ്ങനെ നിങ്ങള് കുട്ടികള്ക്ക് രാവണനു മേല് വിജയം കൈവരിക്കാം. ഇപ്പോള് നിങ്ങള് കുട്ടികള്ക്ക് ഈ എല്ലാ കാര്യങ്ങളെക്കുറിച്ചും അറിയാം. നിങ്ങളുടെ ജ്യോതി തെളിഞ്ഞിരിക്കുകയാണ്.

ഗീതം :- അങ്ങ് തന്നെയാണ് മാതാവും പിതാവും. . .

ഓം ശാന്തി. മധുരമധുരമായ ആത്മീയകുട്ടികള് ഗീതം കേട്ടു. ആത്മാക്കള് ഈ കര്മ്മേന്ദ്രിയങ്ങളിലൂടെയാണ് ഗീതം കേട്ടത്. ഗീതത്തിലുള്ള ആദ്യഭാഗം ശരിയാണ്. അവസാനം ഭക്തിയിലെ വാക്കുകളായി. അങ്ങയുടെ ചരണങ്ങളിലെ പൊടിയാണ്. കുട്ടികള്ക്കെങ്ങനെ അച്ഛന്റെ കാലിലെ പൊടിയായി മാറാന് സാധിക്കും. ബാബ കുട്ടികള്ക്ക് ശരിയായ വാക്ക് മനസ്സിലാക്കിത്തരുന്നു. എവിടെ നിന്നാണോ കുട്ടികള് വരുന്നത് അവിടെ നിന്നു തന്നെയാണ് ബാബയും വരുന്നത്, നിര്വ്വാണധാമം. എല്ലാവരുടെയും വരവിന്റെ വാര്ത്തകളെക്കുറിച്ച് കേള്പ്പിച്ചു തന്നു. നിങ്ങളുടേതും കേള്പ്പിച്ചു, ഞാന്വരുന്നതിനെക്കുറിച്ചും കേള്പ്പിച്ചു, വന്നിട്ടെന്താണ് ചെയ്യുന്നത് എന്നും കേള്പ്പിച്ചു. രാമരാജ്യം സ്ഥാപിക്കുന്നതിനു വേണ്ടി രാവണനു മേല് വിജയം പ്രാപ്തമാക്കുന്നു. കുട്ടികള്ക്കറിയാം- രാവണരാജ്യം ഈ ഭൂമിയില് തന്നെയാണ്. ഇപ്പോള് നിങ്ങള് വിശ്വത്തിന്റെ അധികാരിയായി മാറുന്നു. ഭൂമിയും ആകാശവും സൂര്യനുമെല്ലാം നിങ്ങളുടെ കൈകളിലേക്കു വരികയാണ്. അപ്പോള് മുഴുവന് വിശ്വത്തിലും ഇപ്പോള് രാവണരാജ്യമാണെന്ന് പറയാം. ഇനി മുഴുവന് വിശ്വത്തിലും രാമരാജ്യം വരും. രാവണരാജ്യത്തില് എത്ര കോടിക്കണക്കിന് മനുഷ്യരാണ്. രാമരാജ്യത്തില് വളരെ കുറച്ചു പേരേയുള്ളൂ. പിന്നീട് പതുക്കെപ്പതുക്കെ വൃദ്ധി പ്രാപിക്കും. രാവണരാജ്യത്തില് വളരെയധികം അഭിവൃദ്ധി ഉണ്ടാകും കാരണം മനുഷ്യര് വികാരികളാകുന്നു. രാമരാജ്യത്തില് നിര്വ്വികാരികളാണ്. മനുഷ്യരുടെ തന്നെ കഥയാണിത്. രാമനും പരിധിയില്ലാത്ത അധികാരിയാണ്, രാവണനും പരിധിയില്ലാത്ത അധികാരിയാണ്. ഇപ്പോള് എത്ര അനേകം ധര്മ്മങ്ങളാണ്. ഇങ്ങനെ പറയാറുണ്ട് അനേക ധര്മ്മങ്ങളുടെ വിനാശം. ബാബ വൃക്ഷത്തെക്കുറിച്ച് മനസ്സിലാക്കിത്തന്നിട്ടുണ്ട്.

ദസറ ആഘോഷിക്കുമ്പോള് രാവണന്റെ കോലം കത്തിക്കാറുണ്ട്. ഇത് പരിധിയുള്ള കത്തിക്കലാണ്. നിങ്ങളുടേത് പരിധിയില്ലാത്ത കാര്യമാണ്. കേവലം ഭാരതവാസികളാണ് രാവണനെ കത്തിക്കുന്നത്. വിദേശത്തിലും എവിടെയെല്ലാം ഭാരതവാസികള് കൂടുതലുണ്ടോ അവിടെയെല്ലാം കത്തിക്കും. ഇത് പരിധിയുള്ള ദസറയാണ്. ലങ്കയില് രാവണന് രാജ്യം ഭരിച്ചു എന്ന് കാണിക്കുന്നുണ്ട്. രാമരാജ്യം ഇപ്പോള് ഇല്ലല്ലോ. രാമരാജ്യം അര്ത്ഥം ഈശ്വരനാല് സ്ഥാപിക്കപ്പെട്ടരാജ്യം. സത്യയുഗത്തെയാണ് രാമരാജ്യം എന്നു പറയുന്നത്. മാലയെ സ്മരിക്കാറുണ്ട്, രഘുപതി രാഘവ രാജാറാം എന്നു പറയാറുമുണ്ട് പക്ഷെ രാമരാജ്യത്തെ സ്മരിക്കുന്നില്ല. ആരാണോ മുഴുവന് വിശ്വത്തിന്റെയും സേവനം ചെയ്യുന്നത് അവരുടെ മാലയാണ് സ്മരിക്കുന്നത്.

ഭാരതവാസികള് ദസറക്കു ശേഷം പിന്നീട് ദീപാവലി ആഘോഷിക്കുന്നു. ദീപാവലി എന്തുകൊണ്ടാണ് ആഘോഷിക്കുന്നത്? കാരണം ദേവതകളുടെ പട്ടാഭിഷേകത്തിന്റെ സ്മരണയാണ്. പട്ടാഭിഷേക സമയത്ത് ധാരാളം ദീപങ്ങള് തെളിയിക്കും. ഒന്ന് പട്ടാഭിഷേകത്തിന്റെ സ്മരണ,രണ്ട് അന്ന് ഓരോ വീട്ടിലും ദീപാവലിയായിരിക്കും. ഓരോ ആത്മജ്യോതിയും തെളിയും. ഇപ്പോള് സര്വ്വ ആത്മാക്കളുടേയും ജ്യോതി അണഞ്ഞിരിക്കുകയാണ്. കലിയുഗമായതുകൊണ്ട് എല്ലാവരും അന്ധകാരത്തിലാണ്. അന്ധകാരം അര്ത്ഥം ഭക്തിമാര്ഗ്ഗം. ഭക്തി ചെയ്ത് ചെയ്ത് തിളക്കം കുറഞ്ഞു. എന്നാല് ഇന്നത്തെക്കാലത്തെ ദീപാവലി കൃത്രിമമാണ്. പട്ടാഭിഷേക സമയത്ത്

പടക്കങ്ങള് പൊട്ടിക്കുകയൊന്നും ചെയ്യില്ല. ദീപാവലിയില് ലക്ഷ്മിയെ ആഹ്വാനം ചെയ്യാറുണ്ട്, പൂജ ചെയ്യുന്നു. ഇതെല്ലാം ഭക്തിമാര്ഗ്ഗത്തിലെ ഉത്സവങ്ങളാണ്. ഏതെല്ലാം രാജാക്കന്മാരാണോ സിംഹാസനത്തില് ഇരിക്കുന്നത് അവരുടെയെല്ലാം പട്ടാഭിഷേക ദിവസം വളരെയധികം ആര്ഭാടത്തോടെ ആഘോഷിക്കുന്നു. ഇതെല്ലാം പരിധിയുള്ളതാണ്. ഇപ്പോള് പരിധിയില്ലാത്ത വിനാശം, സത്യം സത്യമായ ദസറ ഉണ്ടാവാന് പോവുകയാണ്. ബാബ വരുന്നതു തന്നെ എല്ലാവരുടെയും ജ്യോതി തെളിയിക്കാനാണ്. നമ്മുടെ ജ്യോതി ഏറ്റവും വലിയ ജ്യോതിയുമായി മിലനം ചെയ്യും എന്നാണ് മനുഷ്യര് മനസ്സിലാക്കുന്നത്. ബ്രഹ്മസമാജക്കാരുടെ ക്ഷേത്രത്തില് സദാ ജ്യോതി തെളിഞ്ഞിരിക്കും. എങ്ങനെയാണോ ഈയാമ്പാറ്റകള് ജ്യോതിക്കു ചുറ്റും വട്ടമിട്ട് പറന്ന് പിന്നീട് സമര്പ്പണമാകുന്നത് അതുപോലെ നമ്മള് ആത്മാക്കളും വലിയ ജ്യോതിയില് ലയിക്കുമെന്ന് വിചാരിക്കുന്നു. ഒരു ഉദാഹരണം ഇതിനെ പ്രതി ഉണ്ടാക്കിയിരിക്കുകയാണ്. നിങ്ങള് അരക്കല്പ്പത്തെ പ്രിയതമകളാണ്. നിങ്ങള് വന്ന് ഒരേയൊരു പ്രിയതമനില് സമര്പ്പണമായിരിക്കുകയാണ്, ഇതില് കത്തിയെരിയുന്നതിന്റെ കാര്യമില്ല. എങ്ങനെയാണോ ലോകത്തിലെ പ്രിയതമനും പ്രിയതമയും പരസ്പരം സ്നേഹത്തിലേക്ക് വരുന്നത് ഇവിടെ ഒരു പ്രിയതമനും മറ്റെല്ലാവരും പ്രിയതമകളുമാണ്. നിങ്ങള് പ്രിയതമകള് അരക്കല്പ്പമായി ബാബയാകുന്ന പ്രിയതമനെയാണ് ഓര്മ്മിച്ചു വന്നത്. പ്രിയതമാ അങ്ങ് വരൂ.... എന്നാല് അങ്ങയുടെ മേല് ബലിയര്പ്പണം ചെയ്യാം. അങ്ങയെയല്ലാതെ ഞങ്ങള് മാറ്റാരെയും ഓര്മ്മിക്കില്ല. ഇവിടെ നിങ്ങളുടേത് ഭൗതിക സ്നേഹമല്ല. ലോകത്തിലെ പ്രിയതമന് പ്രിയതമയുടെ സ്നേഹം ഭൗതീകമാണ്. പരസ്പരം നോക്കിക്കൊണ്ടേയിരിക്കും. നോക്കിയിരിക്കുന്നതിലൂടെ തൃപ്തമായതു പോലെയാണ്. ഇവിടെ ഒരു പ്രിയതമനും ബാക്കിയെല്ലാവരും പ്രിയതമകളുമാണ്. എല്ലാവരും ബാബയെത്തന്നെയാണ് ഓര്മ്മിക്കുന്നത്. ചിലര് പ്രകൃതിയെ അംഗീകരിക്കുന്നവരുമുണ്ട്. എന്നാലും ഓ ഗോഡ്, അല്ലയോ ഭഗവാനേ എന്ന് വായില്നിന്നും വീഴും. എല്ലാവരും ഭഗവാനെത്തന്നെയാണ് വിളിക്കുന്നത്, നമ്മുടെ ദുഃഖത്തെ ദൂരീകരിക്കൂ. ഭക്തിമാര്ഗ്ഗത്തില് ഒരുപാട് പ്രിയതമനും പ്രിയതമകളും ഉണ്ട്. ഓരോരുത്തര്ക്കും ഓരോ ഇഷ്ടദേവീ-ദേവന്മാരാണ്. ഹനുമാനെ മാത്രം പ്രീതിപ്പെടുത്തുന്നവര് എത്ര പേരുണ്ടാവും? അവരവരുടെ ഇഷ്ടദേവന്റെ ചിത്രത്തെ എല്ലാവരും ഒരുമിച്ചു ചേര്ന്ന് പൂജിക്കാറുണ്ട്. പൂജിച്ച് ഇഷ്ടദേവനായ പ്രിയതമനെ കൊണ്ടുപോയി വെള്ളത്തില് ഒഴുക്കുകയും ചെയ്യുന്നു. അര്ത്ഥം ഒന്നും തന്നെ മനസ്സിലാക്കുന്നുമില്ല. ഇവിടെ അങ്ങനെയുള്ള കാര്യമില്ല. ഇവിടെ നിങ്ങളുടെ പ്രിയതമന് സദാ പവിത്രമാണ് ഒരിക്കലും അപവിത്രമാകുന്നില്ല. ബാബയാകുന്ന വഴിയാത്രക്കാരന് വന്ന് എല്ലാവരെയും സതോപ്രധാനമാക്കുന്നു. നിങ്ങളും വഴിയാത്രക്കാരല്ലേ ദൂരദേശത്തു നിന്നും ഇവിടേക്ക് പാര്ട്ട് അഭിനയിക്കാനായി വന്നിരിക്കുകയാണ്. നിങ്ങളും നമ്പര്വൈസ് പുരുഷാര്ത്ഥമനുസരിച്ചാണ് മനസ്സിലാക്കുന്നത്. ഇപ്പോള് നിങ്ങള് ത്രികാലദര്ശിയായി മാറി. രചയിതാവിനെക്കുറിച്ചും രചനയുടെ ആദിമധ്യാന്ത്യത്തെക്കുറിച്ചും അറിയുമെങ്കില് നിങ്ങളും ത്രികാലദര്ശി ബ്രഹ്മാകുമാര്-കുമാരിമാരായി മാറി. ജഗദ്ഗുരു എന്ന ടൈറ്റില് മറ്റുള്ള സന്യാസിമാര്ക്ക് ലഭിക്കുന്നതു പോലെ നിങ്ങള്ക്കും ഈ ടൈറ്റില് ലഭിക്കുന്നു. നിങ്ങള്ക്ക് ലഭിക്കുന്ന ഏറ്റവും നല്ല ടൈറ്റിലാണ് സ്വദര്ശനചക്രധാരി. നിങ്ങള് ബ്രാഹ്മണര് തന്നെയാണോ സ്വദര്ശന ചക്രധാരികള് അതോ ശിവബാബയും കൂടെയുണ്ടോ? (ശിവബാബയും ഉണ്ട്) കാരണം ആത്മാവ് ശരീരത്തോടൊപ്പമാണ് സ്വദര്ശനചക്രധാരി. ബാബയും ഈ ശരീരത്തിലേക്ക് വന്നാണ് മനസ്സിലാക്കിത്തരുന്നത്. ശിവബാബ സ്വദര്ശനചക്രധാരിയല്ലെങ്കില് നിങ്ങള്ക്ക് എങ്ങനെ മനസ്സിലാക്കിത്തരും? ബാബ ഏറ്റവും ഉയര്ന്നതിലും ഉയര്ന്ന പരമാത്മാവാണ്. ദേഹത്തെ ഒരിക്കലും ഇങ്ങനെ പറയാന് സാധിക്കില്ലല്ലോ. സുപ്രീം ആയ ബാബ വന്നാണ് നിങ്ങളേയും സുപ്രീം ആക്കുന്നത്. ആത്മാക്കള്ക്കല്ലാതെ മറ്റാര്ക്കും സ്വദര്ശനചക്രധാരിയാവാന് സധിക്കില്ല. എങ്ങനെയുള്ള ആത്മാക്കള്? ആരാണോ ബ്രാഹ്മണ ധര്മ്മത്തിലുള്ളവര്. ശൂദ്രധര്മ്മത്തിലുണ്ടായിരുന്ന സമയത്ത് ഇതിനെക്കുറിച്ചൊന്നും അറിയില്ലായിരുന്നു. ഇപ്പോള് ബാബയിലൂടെ നിങ്ങള് എല്ലാം അറിഞ്ഞു കഴിഞ്ഞു. എത്ര നല്ല നല്ല കാര്യങ്ങളാണ്. നിങ്ങള് മാത്രമാണ് കേള്ക്കുന്നതും നിങ്ങള്ക്കു തന്നെയാണ് സന്തോഷം ഉണ്ടാകുന്നതും. പുറമേയുള്ളവര് ഇത് കേട്ടാലും അവര്ക്ക് ആശ്ചര്യം തോന്നും. ഓഹോ ! ഇത് വളരെ ഉയര്ന്ന ജ്ഞാനമാണ്. അവരോട് പറയൂ നിങ്ങളും ഇതുപോലെ സ്വദര്ശന ചക്രധാരിയായി മാറുകയാണെങ്കില് ചക്രവര്ത്തീ രാജാവ് വിശ്വത്തിന്റെ അധികാരിയായി മാറും. പക്ഷെ ഇവിടെ നിന്നും പുറത്തേക്കു പോയാല് കഴിഞ്ഞു. മായ അത്രയും ശക്തിശാലിയാണ്, ഇവിടുത്തേത് ഇവിടെത്തന്നെ വെച്ച് പോകും. എങ്ങനെയാണോ ഗര്ഭസ്ഥ ശിശു പ്രതിജ്ഞ ചെയ്ത് പിന്നീട് പുറത്തേക്കു വന്നു കഴിഞ്ഞാല് എല്ലാം മറന്നു പോകുന്നത്. നിങ്ങള് ചിത്രപ്രദര്ശിനിയില് മനസ്സിലാക്കിക്കൊടുക്കുമ്പോള് വളരെ നല്ലത് നല്ലത് എന്നു പറയും. ജ്ഞാനം വളരെ നല്ലതാണ് ഞാന് ഈ രീതിയില് പുരുഷാര്ത്ഥം ചെയ്യും, ഇങ്ങനെ ചെയ്യും...പക്ഷെ അവിടെ നിന്നും പുറത്തേക്ക് വന്നാല് എല്ലാം മറന്നു പോകും. എന്നാലും കുറച്ചെങ്കിലും

പ്രഭാവമുണ്ടാകാതിരിക്കില്ല. അല്ലാതെ അവര് വരികയേ ഇല്ല എന്നല്ല. വൃക്ഷം അഭിവൃദ്ധി പ്രാപിക്കും. വൃക്ഷം അഭിവൃദ്ധി പ്രാപിച്ച കഴിഞ്ഞാല് പിന്നീട് എല്ലാവരും ആകര്ഷിച്ച് വന്നോളും. ഇപ്പോള് ഭയാനക നരകമാണ്. ഗരുഡപുരാണത്തിലും ഇതു പോലുള്ള ഭയാനക കാര്യങ്ങള് എഴുതിയിട്ടുണ്ട്, ഇതെല്ലാം മനുഷ്യര് കേള്ക്കുകയാണെങ്കില് കുറച്ചു ഭയം ഉണ്ടാകുമല്ലോ. അതിനാണ് ഇങ്ങനെ എഴുതിയിരിക്കുന്നത്. മനുഷ്യര് സര്പ്പവും തേളും എല്ലാം ആയി മാറുമെന്നുള്ളത് അതില് തന്നെയാണ്. ബാബ പറയുന്നു ഞാന് നിങ്ങളെ വിഷയ വൈതരണി നദിയില് നിന്നും ക്ഷീര സാഗരത്തിലേക്ക് അയക്കുകയാണ്. നിങ്ങള് യഥാര്ത്ഥത്തില് ശാന്തിധാമനിവാസിയായിരുന്നു. പിന്നീട് സുഖധാമത്തിലേക്ക് പാര്ട്ട് അഭിനയിക്കാന് വരുന്നു. ഇപ്പോള് വീണ്ടും നാം ശാന്തിധാമത്തിലേക്കും സുഖധാമത്തിലേക്കും പോകുന്നു. ആ ധാമത്തെ ഓര്മ്മിക്കണ്ടേ. അങ്ങ് മാതാവാണ് പിതാവാണ് എന്നെല്ലാം മഹിമ പാടുന്നുണ്ട് പക്ഷെ ഭഗവാനില് നിന്നുള്ള സുഖത്തിന്റെ സമ്പത്ത് സത്യയുഗത്തിലേ ലഭിക്കൂ. ഇപ്പോള് സംഗമമാണ്. ഇവിടെ അവസാനം അയ്യോ അയ്യോ എന്ന നിലവിളി ഉണ്ടായിരിക്കും കാരണം അതിയായ ദുഃഖമാണ്. പിന്നീട് സത്യയുഗത്തില് അതിയായ സുഖമുണ്ടാവുന്നു. അതിയായ സുഖത്തിന്റെയും അതിയായ ദുഃഖത്തിന്റെയും കളിയാണ് നടക്കുന്നത്. വിഷ്ണുവിന്റെ അവതാരത്തെക്കുറിച്ചും കാണിക്കുന്നുണ്ട്. ലക്ഷ്മീ-നാരായണന്റെ ജോഡി മുകളില് നിന്നും വന്ന പോലെയാണ് കാണിക്കുന്നത്. മുകളില് നിന്നും ഒരിക്കലും ശരീരധാരികളായി വരില്ലല്ലോ. മുകളില് നിന്നും ആത്മാക്കളാണ് വരുന്നത്. പക്ഷേ ഈശ്വരന്റെ അവതരണം വളരെ വിചിത്രമാണ്. ബാബ തന്നെയാണ് വന്ന് ഭാരതത്തെ സ്വര്ഗ്ഗമാക്കുന്നത്. അതിന്റെ ഉത്സവമായാണ് ശിവജയന്തി ആഘോഷിക്കുന്നത്. പരംപിതാ പരമാത്മാവായ ശിവനാണ് മുക്തി-ജീവന്മുക്തിയുടെ സമ്പത്ത് നല്കുന്നതെന്ന് ലോകത്തിലുള്ളവര് അറിയുകയാണെങ്കില് മുഴുവന് വിശ്വത്തിലും ഗോഡ് ഫാദറിന്റെ ഉത്സവം ആഘോഷിക്കും. എപ്പോഴാണോ ശിവബാബ തന്നെയാണ് മുക്തേശ്വരന്, വഴികാട്ടി എന്ന് മനസ്സിലാക്കുന്നത് അപ്പോഴേ പരിധിയില്ലാത്ത അച്ഛന്റെ സ്മരണയായി ശിവരാത്രി ആഘോഷിക്കുകയുള്ളൂ. ബാബയുടെ ജന്മം ഭാരതത്തിലാണ് ഉണ്ടാകുന്നത്. ശിവജയന്തിയും ഭാരതത്തിലാണ് ആഘോഷിക്കുന്നത്. പക്ഷെ പൂര്ണ്ണമായ തിരിച്ചറിവ് ഇല്ലാത്തതു കൊണ്ടാണ് അന്ന് അവധി നല്കാത്തത്. സര്വ്വരുടെയും സദ്ഗതി ചെയ്യുന്ന ബാബ, ഭാരതത്തിലേക്ക് വന്ന് അലൗകീക കര്ത്തവ്യം ചെയ്യുന്നുവെങ്കില് ബാബയുടെ ജന്മദിവസവും തീര്ത്ഥാടനവും വളരെ നന്നായി ആഘോഷിക്കണം. നിങ്ങളുടെ ഓര്മ്മചിഹ്നത്തിന്റെ ക്ഷേത്രവും ഇവിടെത്തന്നെയുണ്ട്. പക്ഷെ ശിവബാബ തന്നെയാണ് വന്ന് മുക്തേശ്വരനും വഴികാട്ടിയുമായി മാറുന്നത് എന്ന് ആര്ക്കും അറിയില്ല. സര്വ്വ ദുഃഖങ്ങളില് നിന്നും മുക്തമാക്കി സുഖധാമത്തിലേക്ക് കൊണ്ടുപോകു എന്ന് എല്ലാവരും പറയുന്നുണ്ടെങ്കിലും ആരും മനസ്സിലാക്കുന്നില്ല. ഭാരതം വളരെ ഉയര്ന്നതിലും ഉയര്ന്ന ഖണ്ഡമാണ്. ഭാരതത്തിന്റെ മഹിമ അപരം അപാരമാണ്. ഇവിടെത്തന്നെയാണ് ശിവബാബയുടെ ജന്മമുണ്ടാകുന്നത്, പക്ഷെ ആരും തന്നെ ആഘോഷിക്കുന്നില്ല. സ്റ്റാമ്പും ഉണ്ടാക്കുന്നില്ല. മറ്റുള്ളവരുടെയെല്ലാം ധാരാളം ഉണ്ടാക്കുന്നു. ഇതിന്റെ മഹത്വത്തെക്കുറിച്ച് എല്ലാവരും അറിയുന്നതിനു വേണ്ടി ഇപ്പോള് എങ്ങനെ മനസ്സിലാക്കിക്കൊടുക്കാം. സന്യാസിമാര് വിദേശത്തേക്കു പോയി പ്രാചീന ഭാരതത്തിലെ രാജയോഗം പഠിപ്പിക്കുന്നു. നിങ്ങളും ഇതേ രാജയോഗം തന്നെയാണ് പഠിപ്പിക്കുന്നതെന്ന് അറിയുകയാണെങ്കില് വളരെയധികം പ്രശസ്തമാകും. പറയൂ, രാജയോഗം ആരാണ് പഠിപ്പിച്ചത് എന്നുപോലും ആര്ക്കും അറിയില്ല. കൃഷ്ണന് ഒരിക്കലും ഹഠയോഗം പഠിപ്പിക്കില്ല. സന്യാസിമാരുടേത് ഹഠയോഗമാണ്. ആരെയെല്ലാമാണോ തത്ത്വചിന്തകര് എന്നു പറയുന്നത് ആര്ക്കാണോ നല്ല പഠിപ്പും വിവരവുമുള്ളത്, അവരെ ഈ കാര്യങ്ങള് മനസ്സിലാക്കി ഉദ്ധരിക്കുകയാണെങ്കില് അവര് പറയും ഞങ്ങള് ശാസ്ത്രം പഠിച്ചിട്ടുണ്ട് പക്ഷെ ഇപ്പോള് ഭഗവാനെന്താണോ പഠിപ്പിക്കുന്നത് അതാണ് ശരി ബാക്കിയെല്ലാം തെറ്റാണ്. ഇത് മനസ്സിലാക്കണം എറ്റവും വലുതിലും വലിയ തീര്ത്ഥസ്ഥാനമാണ് ഭാരതം. ഇവിടെയാണ് ബാബ വരുന്നത്. നിങ്ങള് കുട്ടികള്ക്കറിയാം ഭാരതമാണ് ധര്മ്മഭൂമി. ഇവിടെ എത്രത്തോളം ധര്മ്മാത്മാക്കളാണോ വസിക്കുന്നത് അത്രത്തോളം മറ്റെവിടെയും ഇല്ല. നിങ്ങള് എത്രയാണ് ദാനപുണ്യകര്മ്മങ്ങള് ചെയ്യുന്നത്. ബാബയെ മനസ്സിലാക്കി, ശരീരം മനസ്സ് ധനം എല്ലാം ഈ സേവനത്തില് ഉപയോഗിക്കുന്നു. ബാബ തന്നെയാണ് എല്ലാവരേയും മുക്തമാക്കുന്നത്. എല്ലാവരെയും ദുഃഖത്തില് നിന്നും മുക്തമാക്കുന്നത്. മറ്റുള്ള ധര്മ്മസ്ഥാപകര്ക്ക് ദുഃഖത്തില് നിന്നും മുക്തമാക്കാന് സാധിക്കില്ല. ധര്മ്മസ്ഥാപകര്ക്ക് പിറകേ നമ്പര്വൈസായി ആ ധര്മ്മത്തിലുള്ളവര് പാര്ട്ട് അഭിനയിക്കാന് വരുന്നു. പാര്ട്ട് അഭിനയിച്ചഭിനയിച്ച് തമോപ്രധാനമാകുന്നു. പിന്നീട് ബാബ വന്ന് സതോപ്രധാനമാക്കുന്നു. ഈ ഭാരതം എത്ര വലിയ തീര്ത്ഥസ്ഥാനമാണ് , ഭാരതം നമ്പര് വണ് ഉയര്ന്ന ഭൂമിയാണ്. ബാബ പറയുന്നു എന്റെ ജന്മഭൂമിയാണിത്. ഞാന്

വന്ന് എല്ലാവരുടെയും സദ്ഗതി ചെയ്യുന്നു. ഭാരതത്തെ സ്വര്ഗ്ഗമാക്കുന്നു.

നിങ്ങള് കുട്ടികള്ക്കറിയാം, ബാബ സ്വര്ഗ്ഗത്തിന്റെ അധികാരിയാക്കി മാറ്റാന് വന്നിരിക്കുകയാണ്. ഇങ്ങനെയുള്ള ബാബയെ വളരെ സ്നേഹത്തോടെ ഓര്മ്മിക്കൂ. നിങ്ങളെ കണ്ട് മറ്റുള്ളവരും ഈ രീതിയിലുള്ള സേവനം ചെയ്യും. ഇതിനെത്തന്നെയാണ് അലൗകിക ദിവ്യകര്മ്മം എന്ന് പറയുന്നത്. നിങ്ങള് ചെയ്യുന്ന സേവനം ആരും അറിയില്ല എന്ന് ഒരിക്കലും വിചാരിക്കരുത്. നിങ്ങളുടെ പ്രദര്ശിനിയുടെ ചിത്രങ്ങള് കൊണ്ടു പോയി സേവനം ചെയ്യുന്നവരും ഇനി ധാരാളം വരും. നല്ല നല്ല ചിത്രങ്ങള് ഉണ്ടാക്കി കപ്പലില് നിറച്ച് കൊണ്ടുപോകും. എവിടെയെല്ലാം കപ്പല് നിര്ത്തിയിടുന്നോ അവിടെയെല്ലാം ചിത്രങ്ങള് തൂക്കിയിടും. നിങ്ങളുടെ ധാരാളം സേവനം ഇനിയും ഉണ്ടാകണം. വളരെയധികം വിശാല മനസ്സോടെ ഭണ്ഡാരം നിറക്കുന്ന കലിയുഗത്തിലെ സമ്പന്ന പ്രഭുക്കന്മാരും ഇനി ഉണ്ടാകും. അവരുടെ സേവനം കര്മ്മങ്ങള് ഒക്കെ കണ്ട് , ഈ പഴയ ലോകത്തെ പരിവര്ത്തനപ്പെടുത്തി പുതിയ ലോകം സ്ഥാപിക്കുന്ന ഇവര് ആരാണ് എന്ന് എല്ലാവരും മനസ്സിലാക്കും. നിങ്ങളുടേതും ആദ്യം തുച്ഛബുദ്ധിയായിരുന്നു, ഇപ്പോള് എത്ര സ്വച്ഛബുദ്ധിയായി മാറിയിരിക്കുകയാണ്. അറിയാം നമ്മള് ഈ ജ്ഞാനയോഗബലത്തിലൂടെ വിശ്വത്തെ സ്വര്ഗ്ഗമാക്കുന്നു. ബാക്കി എല്ലാവരും മുക്തി ധാമത്തിലേക്കും പോകുന്നു. നിങ്ങള്ക്കു തന്നെ അധികാരികളായി മാറണം. പരിധിയില്ലാത്ത അച്ഛന്റെ കുട്ടികളല്ലേ. ഓര്മ്മയിലൂടെ തന്നെയാണ് ശക്തി ലഭിക്കുക. ബാബയെ സര്വ്വശക്തന് എന്നു പറയുന്നു. എല്ലാ വേദശാസ്ത്രങ്ങളുടെയും സാരം പറഞ്ഞു തരുന്നു. അപ്പോള് കുട്ടികള്ക്ക് സേവനത്തോട് എത്ര ഉണര്വ്വ് ഉണ്ടായിരിക്കണം. വായിലൂടെ രത്നങ്ങളല്ലാതെ മറ്റൊന്നും തന്നെ വീഴരുത്. നിങ്ങള് ഓരോരുത്തരും രൂപ് ബസന്താണ്. മുഴുവന് ലോകവും സമൃദ്ധമായി മാറുന്നത് നിങ്ങള് കാണും. അവിടെയെല്ലാം പുതിയതായിരിക്കും ദുഃഖത്തിന്റെ പേരില്ല. പഞ്ചതത്ത്വങ്ങളും നിങ്ങളുടെ സേവനത്തില്ഹാജരായിരിക്കും. ഇപ്പോള് അവയും നിങ്ങളുടെ ഡിസ്സര്വ്വീസാണ് ചെയ്യുന്നത്. കാരണം മനുഷ്യരാരും യോഗ്യരല്ല. ബാബ ഇപ്പോള് നിങ്ങളെ യോഗ്യരാക്കി മാറ്റുന്നു. ശരി.

വളരെക്കാലത്തെ വേര്പാടിനുശേഷം തിരികെ കിട്ടിയ മധുരമധുരമായ കുട്ടികള്ക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലര്കാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികള്ക്ക് നമസ്കാരം.

ധാരണയ്ക്കുള്ള മുഖ്യ സാരം:-

1. രൂപ്ബസന്ത് ആയി മാറി മുഖത്തിലൂടെ സദാ ജ്ഞാനരത്നങ്ങള് വീഴണം. സേവനത്തിന്റെ ഉണര്വ്വില് ഇരിക്കണം. ഓര്മ്മയില് ഇരിക്കണം എല്ലാവര്ക്കും ബാബയുടെ സ്മൃതി ഉണര്ത്തിക്കൊടുക്കണം - ഈ ദിവ്യവും അലൗകികവുമായ കാര്യം ചെയ്യണം.

2. സത്യം സത്യമായ പ്രിയതമയായി ഒരേയൊരു പ്രിയതമനില് സമര്പ്പണമാകണം അതായത് ബലിയര്പ്പണം ചെയ്യണം. എന്നാലേ സത്യമായ ദീപവലി ഉണ്ടാകൂ.

വരദാനം :- വിശ്വമഹാരാജാവെന്ന പദവി പ്രാപ്തമാക്കുന്നവരും സര്വ്വശക്തികളുടേയും ശേഖരണത്താല് സമ്പന്നരുമായി(നിറവുള്ളവരുമായി )ഭവിക്കട്ടെ.

വിശ്വമഹാരാജാവിന്റെ പദവി പ്രാപ്തമാക്കുന്ന ആത്മാക്കളുടെ പുരുഷാര്ത്ഥം ഒരിക്കലും അവനവനുവേണ്ടി മാത്രമായിരിക്കില്ല.തന്റെ ജീവിതത്തില് വരുന്ന വിഘ്നങ്ങളിലും പരീക്ഷകളിലും പാസാകുന്നത് സാധാരണകാര്യമാണ്.എന്നാല് വിശ്വമഹാരാജാവാകുന്ന ആത്മാക്കളുടെ പക്കല് ഇപ്പോള്മുതലേ എല്ലാശക്തികളുടേയും സ്റ്റോക്ക് ധാരാളമായി ഉണ്ടാകും.അവരുടെ ഓരോ സെക്കന്റും ഓരോ സങ്കല്പവും മറ്റുള്ളവര്ക്കുവേണ്ടിയുള്ളതായിരിക്കും. അവര് ശരീരം, മനസ്സ്, ധനം, സമയം, ശ്വാസം എല്ലാം വിശ്വമംഗളകാര്യത്തില് സഫലീകരിച്ചുകൊണ്ടിരിക്കും.

സ്ലോഗന് :- ഒരു ദുര്ബലത പോലുമുണ്ടെങ്കില് അത് അനേകം വിശേഷതകളെ സമാപ്തമാക്കുന്നു. അതിനാല് ഇപ്പോള് ബലഹീനതകളെ സമാപ്തമാക്കൂ.

അവ്യക്തസൂചന-സ്വയത്തിനുവേണ്ടിയും സര്വ്വര്ക്കുവേണ്ടിയും മനസ്സുകൊണ്ട് യോഗത്തിന്റെ ശക്തികളുടെ

പ്രയോഗം ചെയ്യൂ.

എവിടെയിരുന്നുകൊണ്ടും മനസ്സുകൊണ്ടുള്ള തന്റെ ശുഭഭാവന,ശുഭകാമന,ശ്രേഷ്ഠവൃത്തി,ശ്രേഷ്ഠവൈബ്രേഷന് എന്നിവയിലൂടെ അനേകം ആത്മാക്കളുടെ സേവനം ചെയ്യാനാകും.ഇതിനുള്ള വിധിയാണ് ലൈറ്റ് ഹൗസ് - മൈറ്റ് ഹൗസ് ആയിത്തീരുക.ഇതിനായി സ്ഥൂലവസ്തുക്കള്,ചാന്സ്,സമയം ഇവയൊന്നും ആവശ്യമില്ല.ലൈറ്റ് മൈറ്റ് സമ്പന്നമായി മാറേണ്ട ആവശ്യം മാത്രമേയുള്ളൂ.